പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :294 8/2/2016-ൽ മറുപടിക്ക്

**കുറ്റാന്വേഷണവും ക്രമസമാധാനവും**

**ചോദ്യം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**മറുപടി**

രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കാനുള്ള ആലോചന സർക്കാരിനുണ്ടോ ; ഈ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ; | (എ) | ക്രമസമാധാന പാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.12.2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 3069/2006/ആഭ്യന്തരം, പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് കൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാസ്സ്പോർട്ട് വെരിഫിക്കേഷൻ പോലീസ് സ്റ്റേഷനിൽ ക്രമസമാധാനത്തിന് നിയോഗിക്കപ്പെട്ട പോലീസുകാർ തന്നെ നിർവ്വഹിക്കേണ്ടതിനാൽ ഈ കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം വിദേശരാജ്യങ്ങളിലേയ്ക്കുള്ള തൊഴിൽ അന്വേഷകരെ ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രശ്ന പരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ബി) | നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പാസ്സ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് പരമാവധി ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ